**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 338** **27-01-2026 - ൽ മറുപടിയ്ക്ക്**

**കാട്ടാക്കട നിയോജക മണ്ഡലത്തിലെ അതിദാരിദ്ര്യ നിർമ്മാർജ്ജനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ. ബി. സതീഷ്** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | അതിദരിദ്രരില്ലാത്ത കേരളം എന്ന പ്രഖ്യാപനത്തിന്റെ ഭാഗമായി സംസ്ഥാനത്താകെ എത്ര കുടുംബങ്ങളുടെ സംരക്ഷണമാണ് ഉറപ്പാക്കാനായതെന്ന് വ്യക്തമാക്കുമോ; അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെ ലക്ഷ്യങ്ങളും രീതികളും നടത്തിയ പ്രവർത്തനങ്ങളും വിശദമാക്കാമോ; | (എ) | അതിദാരിദ്ര്യം നേരിടുന്ന കുടുംബങ്ങളെ അതിൽ നിന്ന് മുക്തരാക്കുന്നത് ലക്ഷ്യമിട്ട്, 2021 മേയ് 20-ന് ചേർന്ന ഈ മന്ത്രിസഭയുടെ ആദ്യ യോഗത്തിലെ തീരുമാന പ്രകാരം ആരംഭിച്ചതാണ് അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി. 2025 നവംബറോട് കൂടി സംസ്ഥാനത്ത് അതിദാരിദ്ര്യ നിർമ്മാർജ്ജനം പൂർത്തിയാക്കുക എന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യം.<br><br>16.07.2021 തീയതിയിലെ സ.ഉ. (കൈ) നമ്പർ.145/2021-തസ്വഭവ പ്രകാരം അതിദരിദ്രരെ കണ്ടെത്തുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചു. ആയത് പ്രകാരം സർവേ നടപടികൾ 2021 ജൂലൈ മാസത്തിൽ ആരംഭിച്ച് 2022 ഫെബ്രുവരി മാസത്തിൽ അവസാനിച്ചു. തദ്ദേശ സ്ഥാപന തലത്തിലും ഡിവിഷൻ/വാർഡ് തലങ്ങളിലും സാമൂഹിക സംഘടനകൾ, വിഷയമേഖലാ വിദഗ്ധർ, എന്നിവരെ പങ്കെടുപ്പിച്ച് ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ മുഖേന തയ്യാറാക്കിയ അതിദരിദ്രരുടെ പ്രാഥമിക പട്ടികയിന്മേൽ വിശദമായ വിവരശേഖരണം നടത്തി കുടുംബങ്ങളെ സംബന്ധിച്ച ഡാറ്റാ സൂപ്പർ ചെക്ക് നടത്തി കുറ്റമറ്റതാക്കി, ഗ്രാമ/വാർഡ് സഭകളുടെയും തദ്ദേശസ്ഥാപനത്തിന്റെയും അംഗീകാരത്തോടെയാണ് അന്തിമ പട്ടിക തയ്യാറാക്കിയിട്ടുള്ളത്. ഭക്ഷണം, ആരോഗ്യം, വാസസ്ഥലം, വരുമാനം എന്നീ ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് അതിദരിദ്ര കുടുംബങ്ങളെ കണ്ടെത്തിയിട്ടുള്ളത്. സംസ്ഥാനത്ത് 64006 കുടുംബങ്ങളെ ഈ പദ്ധതിയുടെ സഹായം ആവശ്യമുള്ളവരായി കണ്ടെത്തിയിട്ടുണ്ട്.<br><br>08.07.2022 തീയതിയിലെ സ.ഉ. (കൈ) നമ്പർ.146/2022-തസ്വഭവ പ്രകാരം അതിദരിദ്ര |

| | | | |
|---|---|---|---|
| | | | കുടുംബങ്ങളെ അതിദാരിദ്ര്യത്തിൽ നിന്നും മോചിപ്പിക്കുന്നതിന് മൈക്രോപ്ലാൻ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചു. മൈക്രോപ്ലാൻ പ്രകാരമുള്ള സേവനങ്ങൾ അർഹരായ എല്ലാ കുടുംബങ്ങൾക്കും നല്കി അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി പൂർത്തീകരിച്ചതായി 01.11.2025 തിയതിയിൽ കൂടിയ പ്രത്യേക നിയമസഭാ സമ്മേളനത്തിൽ ബഹു . മുഖ്യമന്ത്രി പ്രഖ്യാപിച്ചു. |
| (ബി) | കാട്ടാക്കട നിയോജക മണ്ഡലത്തിലെ ആറ് പഞ്ചായത്തുകളിലായി എത്ര അതിദരിദ്രരെ കണ്ടെത്തി സംരക്ഷണം ഉറപ്പാക്കാനായെന്ന് പഞ്ചായത്ത് തിരിച്ച് വിവരം ലഭ്യമാക്കാമോ? | (ബി) | കാട്ടാക്കട നിയോജക മണ്ഡലത്തിൽ ആകെ 321 അതിദരിദ്ര കുടുംബങ്ങളെയാണ് കണ്ടെത്തിയിട്ടുള്ളത്.<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ചുള്ള വിശദ വിവരങ്ങൾ **അനുബന്ധ**മായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

| ക്രമ നം | ഗ്രാമപഞ്ചായത്തിന്റെ പേര് | ആകെ അതിദരിദ്ര കുടുംബങ്ങളുടെ എണ്ണം | ആരോഗ്യപരമായ സേവനം അനുവദിച്ച് നൽകിയ കുടുംബങ്ങള ുടെ എണ്ണം | വരുമാന മാർഗ്ഗം അനുവദിച്ച് നൽകിയ കുടുംബങ്ങളുടെ എണ്ണം | ഭക്ഷണം നൽകിയ കുടുംബങ്ങളുടെ എണ്ണം | വീട് ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | വീട് അനുവദിച്ച കുടുംബങ്ങളുടെ എണ്ണം | വീടും വസ്തുവും ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | വീടും വസ്തുവും അനുവദിച്ച കുടുംബങ്ങളുടെ എണ്ണം | വീട് പുനരുദ്ധാരണം ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | വീട് പുനരുദ്ധാരണത്തിന് ആനുകൂല്യം നൽകിയ കുടുംബങ്ങളുടെ എണ്ണം | ഷെൽട്ടർ ഘടകത്തിൽ മറ്റ് സേവനങ്ങൾ അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | കാട്ടാക്കട | 17 | 3 | 2 | 2 | 1 | 1 | 1 | 1 | 6 | 6 | ഇലക്ട്രിഫിക്കേഷൻ **- 1**<br>ടോയ്ലറ്റ് **- 1** | 17 ഗുണഭോക്താക്കളിൽ ഒരു വ്യക്തി അടുത്തിടെ മരണപ്പെട്ടു. ഏകാംഗ കുടുംബാംഗമാണ്. |
| 2 | മലയിൻകീഴ് | 50 | 36 | 0 | 32 | 1 | 1 | 1 | 1 | 10 | 10 | 0 | |
| 3 | മാറനല്ലൂർ | 17 | 17 | 0 | 5 | 2 | 2 | 0 | 0 | 4 | 4 | 0 | |
| 4 | പള്ളിച്ചൽ | 109 | 14 | 8 | 92 | 0 | 0 | 14 | 9 | 2 | 2 | | വസ്തുവും വീടും ആവശ്യപ്പെട്ട 5 പേർ ബന്ധുവീട്ടിൽ /വാടകവീട്ടിൽ താമസമുള്ളതാണ്. |
| 5 | വിളപ്പിൽ | 98 | 21 | 0 | 35 | 4 | 4 | 15 | 0 | 5 | 5 | 0 | വസ്തുവും വീടും ആവശ്യപ്പെട്ട 8 പേർ ബന്ധുവീട്ടിൽ /വാടകവീട്ടിൽ താമസമുള്ളതാണ്.. 7 പേർക്ക് കണ്ടെത്തിയ റവന്യൂഭൂമിയിൽ കേസ് നിലനിൽക്കുന്നു. ഇവരും ബന്ധുവീട്ടിൽ/ വാടകവീട്ടിൽ താമസിക്കുന്നു. |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| **6** | വിളവൂർക്കൽ | 30 | 30 | 1 | 2 | 1 | 1 | 1 | 1 | 0 | 0 | 0 | റവന്യൂഭൂമി അനുവദിച്ചിട്ടുണ്ട്. ഭവനനിർമ്മാണം പുരോഗമിക്കുന്നു |
| | **ആകെ** | **321** | **121** | **11** | **168** | **9** | **9** | **32** | **12** | **27** | **27** | **0** | |